**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 483** | **05-10-2021 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സാമ്പത്തിക നയത്തെത്തുടർന്നും ജി.എസ്.ടി. നടപ്പാക്കിയത് മൂലവും സംസ്ഥാനത്തിന്റെ വരുമാനത്തിലുണ്ടായ കുറവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) | ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ നിന്നും എസ്.ജി.എസ്.ടി കളക്ഷനും, ഐ.ജി.എസ്.ടി ക്രെഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി ഒഴിച്ചുള്ള വാറ്റ് കളക്ഷനും കൂട്ടിക്കിഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്. വിശദാംശം അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു. |
| (ബി) | പ്രസ്തുത കുറവ് നികത്തുന്നതിന് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ; | (ബി) | 2017-18, 2018-19, 2019-20 & 2020-21 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച നഷ്ടപരിഹാര തുകയുടെയും ലഭിക്കേണ്ടിയിരുന്ന തുകയുടെയും വിവരം അനുബന്ധമായി (അനുബന്ധം-2) ചേർക്കുന്നു. |
| (സി) | എങ്കിൽ ഇത് ഏത് കാലയളവ് വരെ ലഭിക്കുമെന്ന് വിശദമാക്കാമോ; | (സി) | ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതിന്റെ കാലാവധി 2022 ജൂൺ 30-ന് അവസാനിക്കും. |
| (ഡി) | സംസ്ഥാന സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (ഡി) | സംസ്ഥാനത്തിന്റെ ജി.എസ്.ടി നികുതി വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ജി.എസ്.ടി-യിൽ നികുതി ശൃംഖല വിപുലീകരിക്കുന്നതിന് വേണ്ടി വിവിധ ഏജൻസികളിൽ നിന്ന് വിവര ശേഖരണം നടത്തുകയും അതിൽ നിന്ന് രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ |

എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനു വേണ്ടി പ്രത്യേക മാനദണ്ഡ പ്രകാരം നികുതിദായകരെ ഓൺലൈൻ ആയി സെലക്ട് ചെയ്ത് വിശദപരിശോധന നടത്തുന്ന രീതി നടപ്പിലാക്കി. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർധിപ്പിക്കുകയും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായിക്കും. ജി.എസ്.ടി പൂർണ്ണമായും വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിന് വേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക്സ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ചെക്പോസ്റ്റ് സമ്പ്രദായം ഇല്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനും വേണ്ടി സിസിടിവി ക്യാമറകൾ പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ.എൻ.പി.ആർ സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേ ബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്കു വാഹനങ്ങളുടെ വിവരം ഉടൻ തന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഉദ്യോഗസ്ഥർക്ക് "ബോഡിവോൺ" ക്യാമറയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട് . അണ്ടർ വാല്യുവേഷൻ കേസുകൾ, ബില്ല് തുടങ്ങിയവ ജി.എസ്.ടി പോർട്ടലിലേക്ക് അപ് ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി. ജി.എസ്.ടി-യിൽ ഫയൽ ചെയ്ത വിവരങ്ങളുടെ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതും നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് സഹായകമാകുന്നു. ജി.എസ്.ടി-യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള

| | | | |
|---|---|---|---|
| | | | നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

2017-18, 2018-19, 2019-20, 2020-21 & 2021-22 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച നഷ്ടപരിഹാര തുക

| Year | Protected revenue (Cr.) (2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ) | Total Revenue (Cr.) (SGST/IGST Settlement/ VAT) | Ad-hoc Settlement (Cr.) | Recovery | Devolution from 2017-18 | Compensation Receivable (Cr.) |
|---|---|---|---|---|---|---|
| 2017-18 | 16398 | 13502.68 | 736 | 0.00 | 0.00 | **2159.32** |
| 2018-19 | 24924 | 18631.85 | 2734.36 | 0.00 | 0.00 | **3557.79** |
| 2019-20 | 28416 | 19622.88 | 693.52 | 0.00 | 0.00 | **8099.60** |
| 2020-21 | 32400 | 17962.40 | 1596.11 | -146.36 | 843.00 | **12144.85** |
| 2021-22 | 15390 | 7842.27 | 503.62 | 0.00 | 0.00 | **7044.11** |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - 2

2017-18, 2018-19, 2019-20 & 2020-21 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച നഷ്ടപരിഹാര തുകയുടെയും ലഭിക്കേണ്ടിയിരുന്ന തുകയുടെയും വിവരം

| Year | Protected revenue (Cr.) (2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ) | Compensation Receivable (Cr.) | Compensation Received (Cr.) | Balance Compensation Receivable(Cr.) |
|---|---|---|---|---|
| 2017-18 | 16398 | 2159.32 | **2102.00** | 57.32 |
| 2018-19 | 24924 | 3557.79 | **3532.00** | 25.79 |
| 2019-20 | 28416 | 8099.60 | **8111.00** | -11.40 |
| 2020-21 | 32400 | 12144.85 | **10671.51** | 1473.34 |
| 2021-22 (August 2021) | 15390 | 7044.11 | **4122.27** | 2921.84 |

**സെക്ഷൻ ഓഫീസർ**